# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2416** **08.03.2017-ൽ മറുപടിയ്ക്ക്**

## ലോട്ടറി വഴി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ.തോമസ് ചാണ്ടി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറി വഴി വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ: | (എ) | ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും നടത്തുന്നതിന് പുറമേ നിർമ്മൽ എന്ന പേരിൽ ഒരു ബൈവീക്കിലി ലോട്ടറി കൂടി ആരംഭിച്ചിട്ടുണ്ട് ടിക്കറ്റിന്റെ ഡിമാന്റ് അനുസരിച്ചും, ഏജന്റുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാനഘടനകൾ പരിഷ്ക്കരിക്കുകയും, ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികളും അന്യസംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും, നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും തത്ഫലമായി ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്. |
| (ബി) | കൂടുതൽ പേർ ആകർഷിക്കപ്പെടുമെന്നതും വരുമാനം വർദ്ധിക്കാൻ ഇടയാകുമെന്നതും പരിഗണിച്ച് വലിയ തുക ഒന്നാം സമ്മാനം ഒരു എണ്ണത്തിനു നൽകുന്നതിനു പകരം കൂടുതൽ എണ്ണത്തിനു നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ? | (ബി) | കൂടുതൽ പേർ ആകർഷിക്കപ്പെടുന്നതും വരുമാനം വർദ്ധിക്കാൻ ഇടയാക്കുന്നതും വലിയ തുക ഒന്നാം സമ്മാനമായി നൽകുമ്പോഴാണെന്ന് വ്യക്തമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**